# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4232 — 27/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

### എയ്ഡഡ് മേഖലയിൽ ഏകീകൃത യൂണിഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എയ്ഡഡ് മേഖലയിൽ ഹൈസ്കൂൾ തലം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്തുമ്പോൾ ഇതിനുള്ള പണം പ്രധാന അധ്യാപകരെ ഏൽപ്പിക്കുന്ന മുൻകാല രീതി യിൽ നിന്നും സർക്കാർ പിൻമാറാനുള്ള കാരണം വ്യക്തമാക്കാമോ ; | എ) | കേന്ദ്രീകൃതമായി സംസ്ഥാനത്തുട നീളമുള്ള സ്കൂളുകളിലെ കുട്ടികൾക്ക് യൂണിഫോം ടെൻഡർ ക്ഷണിച്ച് ഒന്നിച്ച് വാങ്ങുമ്പോൾ വളരെയേറെ തുക സർക്കാരിന് ലാഭിക്കുവാൻ കഴിയും. ഒരേ ക്വാളിറ്റിയിൽ ഉള്ള നിലവാരമുള്ള യൂണിഫോം തുണി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാനാണ് മുൻകാല രീതിയിൽ നിന്നും പിന്മാറിയത്. ടെൻഡർ മുഖേന മില്ലുകളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാൽ പരമാവധി വില കുറച്ച് ഗുണമേന്മയുള്ള തുണിത്തരങ്ങൾ ലഭ്യമാക്കുവാൻ കഴിയും. |
| ബി) | ജില്ലാ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടത്തുന്ന പർച്ചെയ്സിന് സുതാര്യത ഉറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | ബി) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം എന്ന പദ്ധതി നടപ്പിലാക്കുവാനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുണി വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ